**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 554** **10-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിലവിൽ വകുപ്പിലെ എല്ലാ എസ്റ്റിമേറ്റുകളും തയ്യാറാക്കപ്പെടുന്നതും അനുമതി നൽകുന്നതും ഓൺലൈനായി പ്രൈസ് എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. ആയതിനാൽ വിവിധ തലത്തിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്ന പക്ഷം അത് നിരീക്ഷിക്കുന്നതിനും സത്വരം വേണ്ട നടപടികൾ എടുക്കുന്നതിനും സാധിക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൻ കീഴിൽ വരുന്ന പദ്ധതികളിൽ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ ഫണ്ടാണെങ്കിൽ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും Regional Officer, MoRTH ആണ് നൽകുന്നത്. സംസ്ഥാന ഫണ്ടുകളിൽ ഭരണാനുമതി ലഭിച്ചാൽ കാലതാമസമില്ലാതെ തന്നെ സാങ്കേതികാനുമതി നൽകാറുണ്ട്. |
| (ബി) | ഏറ്റെടുത്ത പ്രവൃത്തികളിൽ അലംഭാവം കാണിക്കുന്ന കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാർ വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി അനന്തമായി നീട്ടികൊണ്ടു പോകുന്ന സാഹചര്യത്തിൽ ടി കരാറുകാർക്കെതിരെ SBD/Revised PWD Manual 2012 പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ പ്രവർത്തിച്ച ഏതെങ്കിലും കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപടി സ്വീകരിച്ച കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു: നിരത്ത് വിഭാഗം (1) തിരുവനന്തപുരം ഡിവിഷനിൽ (i) തോട്ടുമുക്ക് ഇരപ്പിൽ ആനപ്പെട്ടി റോഡ് റെസ്റ്റോറേഷൻ എന്ന പ്രവൃത്തി ഏറ്റെടുത്ത ഡി. രത്നാകരൻ എന്ന കരാറുകാരൻ പ്രവൃത്തിയിൽ |

അലംഭാവം കാണിച്ചതിനാൽ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് റീ ടെണ്ടർ ചെയ്തിട്ടുണ്ട്. (ii) തേക്കട പനവൂർ റോഡ് 6/200 - 7/200 റെനവേഷൻ എന്ന പ്രവൃത്തി ഏറ്റെടുത്ത എൽ.ആർ ലക്ഷ്മണൻ എന്ന കരാറുകാരൻ പ്രവൃത്തിയിൽ അലംഭാവം കാണിച്ചതിനാൽ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് റീ ടെണ്ടർ ചെയ്തിട്ടുണ്ട്. (2) കോട്ടയം ജില്ലയിലെ Improvements to Kallungalthara Cheerpunkal road Ch.1/750 to 4/250(First Reach) പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.ജോർജ്ജ് കുരുവിളയെ ടി പ്രവൃത്തിയിൽ നിന്നും ടെർമിനേറ്റ് ചെയ്യുകയും പൊതുമരാമത്ത് മാന്വൽ Clause 2116.2.1 അനുസരിച്ച് പെർഫോർമൻസ് സെക്യൂരിറ്റി തുക കണ്ട് കെട്ടാനും അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുകയ്ക്ക് തുല്യമായ തുക വീണ്ടെടുക്കാനും ഉത്തരവായിട്ടുള്ളതാകുന്നു. ഈ ഉത്തരവിനെതിരെ കാരാറുകാരൻ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങുകയും കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിൽ നിലനിൽക്കുന്നതുമാണ്. (3) തൃശ്ശൂർ ജില്ലയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ അലംഭാവം കാണിച്ച നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കിയ കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു. (i) Shri. Muhammad Kunji B/W 2018-19 - Improvements to Chiyyaram Convent Road 0/460 to 2/150 (ii) Shri. Muhammad Kunji F/D 2018-19 – Flood Rectification works to Chiyyaram Convent Road 2/150 to 3/000 (iii) Shri. Mahafoose M.D - NABARD RIDF XXIV Improvements to Muringoor Plamuri Meloor Pallinada Road from Ch. 0/000 to 4/500 (4) (i) കണ്ണൂർ ജില്ലയിലെ Non plan 2019-20 Improvents to Pookkom – Madpeedika road Km 0/000 to 2/000 എന്ന പ്രവൃത്തി ഏറ്റെടുത്ത മെസേർസ് ഫാർസി കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലീമിറ്റഡ്. (ii) കണ്ണൂർ ഡിവിഷനിൽ ടെണ്ടർ ഏറ്റെടുത്തശേഷം പ്രവൃത്തി ആരംഭിക്കാതിരുന്ന Budget 2018-19 Reconstruction of Collapsed Culvert and retaining wall to Vallithodu Moonamkutty - Charal Pullanparathattu road Km 9/100 എന്ന പ്രവൃത്തിയുടെ കരാറുകാരൻ എം. ഷംസുദ്ദീനെ നഷ്ടോത്തരവാദിത്വത്തിൽ നീക്കം ചെയ്യുകയും തുടർന്ന് പ്രവൃത്തി റീടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. (5) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര താനിക്കണ്ടി റോഡ് പ്രവൃത്തി ഏറ്റെടുത്ത കാരാറുകാരനായ ശ്രീ.എം.ഡി

| | | | |
|---|---|---|---|
| | | | നൗഷാദിനെതിരെ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് പ്രവൃത്തിയുടെ കരാർ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിട്ടുണ്ട്. (6) കാസർഗോഡ് കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഇട്ടമ്മൽ - പൊയക്കര റോഡിന്റെ നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത M/s. Delcom Engineering Pvt, Delcon House, ചട്ടഞ്ചാർ (പി.ഒ) തെക്കിൽ, കാസർഗോഡ് എന്ന കരാറുകാരനെ, പ്രവൃത്തിയിൽ അലംഭാവം കാണിക്കുകയും നിരവധി തവണ ആവശ്യപ്പെട്ടിട്ടും, സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനെ തുടർന്ന് പ്രസ്തുത കരാർ റദ്ദാക്കുകയും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി, ബാക്കി വരുന്ന പ്രവൃത്തികൾ കരാറുകാരന്റെ ചെലവിലും, ഉത്തരവാദിത്വത്തിലും നടപ്പിലാക്കി പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗം കോഴിക്കോട് ഡിവിഷന്റെ കീഴിൽ ദേശീയപാത 66-ൽ കി.മീ 25/000 മുതൽ 45/000 വരെയുള്ള ബലപ്പെടുത്തൽ പ്രവൃത്തിക്ക് കാലതാമസം വരുത്തിയ കരാറുകാരനായ നാഥ് ഇൻഫ്രാസ്ട്രക്ചേഴ്സ് കോഴിക്കോട്-ന് എതിരെ ഫൈൻ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പാലങ്ങൾ വിഭാഗം കണ്ണൂർ ജില്ലയിലെ കീഴത്തൂർ പാലം, കോളയാട് പാലം, അലക്സ് നഗർ - കാഞ്ഞിലേരി പാലം, മലപ്പുറം ജില്ലയിലെ താഴെ പാലം അപ്രോച്ച് റോഡ് എന്നീ പ്രവൃത്തികളുടെ കരാറുകാരെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. കെട്ടിട വിഭാഗം തൃശ്ശൂർ ഡിവിഷനു കീഴിൽ 'Maintenance of Boys Hostel Toilet Block in Kerala Kalamandalam at Cheruthuruthi' എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. ടി.എ. മൊഹമ്മദ്, താഴെ വീട്ടിൽ, പള്ളം പി.ഒ., ദേശമംഗലം, തൃശ്ശൂർ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ ടിയാനെ മേൽ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കി റിസ്ക് & കോസ്റ്റ് പ്രകാരം പ്രവൃത്തി പുന:ക്രമീകരിക്കുകയും ടിയാന്റെ ലൈസൻസ് റദ്ദാക്കുന്നതിന് വേണ്ടി ടിയാൻ ലൈസൻസ് എടുത്തിട്ടുള്ള ശിരുവാണി പ്രൊജക്ട് സർക്കിൾ പാലക്കാട് ഓഫീസിലേക്ക് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ഡിവിഷനു കീഴിൽ സമയബന്ധിതമായി പണി പൂർത്തിയാക്കാത്ത 5 കരാറുകാർക്ക് പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ